REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യൻ നിർമ്മിത ഉല്പന്നങ്ങളുടെ നികുതി 18 ശതമാനമായി കുറയ്ക്കാൻ അമേരിക്കയുമായി ധാരണയിലെത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഡൊണാൾഡ് ട്രംപിന് പ്രധാനമന്ത്രി നന്ദി അറിയിച്ചു.**
- **രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ലോക്സഭയിൽ മറുപടി നൽകും.**
- **പൊതുവിദ്യാലയങ്ങളിൽ അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി മന്ത്രി വി. ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.**
- **എസ്കലേറ' വനിതോത്സവം മന്ത്രി വീണാ ജോർജ് വൈകിട്ട് ഉദ്ഘാടനം ചെയ്യും.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം ഇന്ന് അസമിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യയിൽ നിർമിച്ച ഉല്പന്നങ്ങളുടെ നികുതി 18 ശതമാനമായി കുറയ്ക്കാൻ അമേരിക്കയുമായി ധാരണയിലെത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ഫോണിൽ സംസാരിച്ച ശേഷമാണ് പ്രധാനമന്ത്രി ഇക്കാര്യം പ്രഖ്യാപിച്ചത്.

ഡെസ്ക് റിപ്പോർട്ട്.

....(വോയ്സ്).......

ലോകത്തെ രണ്ട് വലിയ സമ്പദ്‌വ്യവസ്ഥകളും ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളും ഒരുമിക്കുന്നത് ജനങ്ങൾക്ക് ഗുണം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. പരസ്പരം പ്രയോജനകരമായ സഹകരണത്തിന് വലിയ അവസരങ്ങൾ ഇതിലൂടെ തുറക്കാനാവും. തീരുമാനത്തിന് രാജ്യത്തെ 140 കോടിയിലേറെ ജനങ്ങളുടെ പേരിൽ ഡൊണാൾഡ് ട്രംപിന് നന്ദി അറിയിക്കുന്നതായും പ്രധാനമന്ത്രി കുറിച്ചു.

ആഗോള സമാധാനത്തിനും സ്ഥിരതയ്ക്കും സമൃദ്ധിക്കും പ്രസിഡന്റ് ട്രംപിന്റെ നേതൃത്വം നിർണായകമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. അദ്ദേഹത്തിന്റെ സമാധാന ശ്രമങ്ങളെ ഇന്ത്യ പൂർണമായി പിന്തുണയ്ക്കുന്നുവെന്നും ഉഭയകക്ഷി പങ്കാളിത്തം അഭൂതപൂർവമായ ഉയരങ്ങളിലെത്തിക്കാൻ ട്രംപുമായി ചേർന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ-യുഎസ് ബന്ധത്തെ സംബന്ധിച്ച് വലിയ സുദിനമാണിതെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. തീരുവ ഗണ്യമായി കുറച്ച തീരുമാനം ശക്തമായ വ്യാപാര ബന്ധത്തിനും പരസ്പര വളർച്ചയ്ക്കും വഴിയൊരുക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യ-യുഎസ് തന്ത്രപരമായ പങ്കാളിത്തം ഉയർത്തുന്ന നടപടി ഇരു രാജ്യങ്ങൾക്കും ജനങ്ങൾക്കും ഗുണം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. തീരുമാനത്തെ മറ്റ് കേന്ദ്രമന്ത്രിമാരും സ്വാഗതം ചെയ്തു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്).....

ഉഭയകക്ഷി വ്യാപാരം സംബന്ധിച്ച പ്രഖ്യാപനങ്ങളെ വിദേശകാര്യ മന്ത്രി ഡോ. S. ജയ്ശങ്കർ സ്വാഗതം ചെയ്തു. നികുതി കുറച്ചത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വളർച്ച പ്രോത്സാഹിപ്പിക്കുകയും ഇരു സമ്പദ്‌വ്യവസ്ഥകളിലും നൂതനാശയങ്ങൾക്ക് കൂടുതൽ സാധ്യത തുറക്കുകയും ചെയ്യുമെന്ന് ഡോ. ജയ്ശങ്കർ പറഞ്ഞു.

ഇന്ത്യൻ നിർമിത ഉല്പന്നങ്ങൾക്ക് നികുതി കുറയ്ക്കുന്ന തീരുമാനം കൈക്കൊണ്ടതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെയും ഇരുരാജ്യങ്ങളിലെയും ജനങ്ങളെയും അഭിനന്ദിക്കുന്നതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. അഭിവൃദ്ധിക്കായി ഒരുമിച്ച് പ്രവർത്തിക്കുന്ന സമാന ചിന്താഗതിക്കാരായ രണ്ട്

ജനാധിപത്യ രാജ്യങ്ങളുടെ ശക്തിയാണ്  ധാരണയിലൂടെ പ്രതിഫലിക്കുന്നതെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

ഇരു രാഷ്ട്രങ്ങൾക്കും വിജയം സമ്മാനിക്കുന്ന  കരാറാണിതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇന്ത്യയ്ക്കും യുഎസിനും ഒരുമിച്ച് സമാധാനത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിക്കാൻ വലിയ സാധ്യതകളുണ്ടെന്ന് അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

ഇന്ത്യയും യുഎസും ലോകത്തെ  യഥാർത്ഥ ജനാധിപത്യ രാഷ്ട്രങ്ങളാണെന്നും പങ്കിട്ട മൂല്യങ്ങളും ആഗോള ഉത്തരവാദിത്തവും പുലർത്തുന്ന സ്വാഭാവിക പങ്കാളികളാണെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു.

✪✪✪

ഇന്ത്യൻ നിർമിത ഉല്പന്നങ്ങളുടെ തീരുവ കുറയ്ക്കുന്ന തീരുമാനം  നയതന്ത്ര മേഖലയിലെ മികച്ച വിജയമാണെന്ന് അമേരിക്കയിലെ ഇന്ത്യൻ അംബാസിഡർ വിനയ് മോഹൻ  ക്വത്ര പറഞ്ഞു.  പുതിയ അവസരങ്ങൾക്ക് തീരുമാനം വഴി തുറക്കുമെന്നും ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്ക് ഇത് ഏറെ പ്രയോജനം ചെയ്യുമെന്നും ക്വത്ര സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ലോക്സഭയിൽ മറുപടി നൽകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു. ഇന്നലെ പ്രതിപക്ഷ ബഹളത്തിൽ രണ്ട് തവണ നിർത്തിവെച്ച ലോക്സഭ വൈകിട്ട് നാലിന് വീണ്ടും ചേർന്നെങ്കിലും ബഹളം തുടർന്നതോടെ പിരിയുകയായിരുന്നു.

✪✪✪

രാജ്യത്തിന്റെ വ്യോമയാന മേഖലയെ സ്വയംപര്യാപ്തതയിലേക്ക് കൈപിടിച്ചുയർത്തുന്നതാണ് പുതിയ കേന്ദ്ര ബജറ്റെന്ന് വ്യോമയാന മന്ത്രാലയം വ്യക്തമാക്കി. വിമാന അനുബന്ധ ഉപകരണങ്ങളെ കസ്റ്റംസ് തീരുവയിൽനിന്ന് ഒഴിവാക്കുന്നത് രാജ്യത്തെ  ആഭ്യന്തര വിമാന നിർമാണത്തിന് ഉണർവേകുമെന്നും  പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും വ്യോമയാന മന്ത്രാലയ സെക്രട്ടറി സമീർ സിൻഹ  പറഞ്ഞു.

✪✪✪

ബാഗേജ് നിയമം 2026 കേന്ദ്ര ഗവണ്മെന്റ് വിജ്ഞാപനം ചെയ്തു. പുതിയ കസ്റ്റംസ് ബാഗേജ് ചട്ടങ്ങളും കേന്ദ്രം പുറത്തിറക്കി.  പുതിയ നിയമങ്ങൾ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കസ്റ്റംസ് നടപടികൾ

ലഘൂകരിക്കുകയും സുതാര്യവൽക്കരിക്കുകയും ചെയ്യുമെന്ന് കേന്ദ്ര ധനമന്ത്രാലയം വ്യക്തമാക്കി.

താത്കാലിക ഇറക്കുമതി വ്യവസ്ഥകളും 18 വയസ്സിനു മേൽ പ്രായക്കാരായ യാത്രക്കാർക്ക് നികുതിയില്ലാതെ ലാപ്ടോപ്പും വളർത്തു മൃഗങ്ങളും കൊണ്ടുവരാൻ വ്യവസ്ഥകളും പുതിയ കസ്റ്റംസ് ബാഗേജ് നിയമത്തിൽ ഉൾപ്പെടുന്നു.

✪✪✪

നിയമസഭയിൽ ബജറ്റ് ചർച്ച ഇന്നും നാളെയും തുടരും. ഇന്നലെ അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചിരുന്നു.

✪✪✪

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കൈറ്റ് വഴി അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. റോബോട്ടിക്സ് പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് കിറ്റുകൾ വിതരണം ചെയ്യുന്നത്.

സംസ്ഥാനത്തെ സ്കൂളുകളിൽ 29,000 റോബോട്ടിക് കിറ്റുകൾ നേരത്തെ കൈറ്റ് ലഭ്യമാക്കിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് പുതിയ അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്യുന്നത്.

✪✪✪

സംസ്ഥാന വനിത വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന 'എക്സ്കലേറ' വനിതോത്സവത്തിന് ഇന്ന് തിരുവനന്തപുരം കനകക്കുന്നിൽ തുടക്കമാകും. വൈകിട്ട് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഈ മാസം ഒൻപതു വരെ നടത്തുന്ന പരിപാടിയുടെ ഭാഗമായി പ്രദർശന വിപണനമേള, സംരംഭക പരിശീലന സെഷനുകൾ, കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കും.

✪✪✪

സംസ്ഥാന വനിത വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന 'എസ്കലേറ' വനിതോത്സവത്തിന് ഇന്ന് തിരുവനന്തപുരം കനകക്കുന്നിൽ തുടക്കമാകും. വൈകിട്ട് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഈ മാസം ഒൻപതു വരെ നടത്തുന്ന പരിപാടിയുടെ ഭാഗമായി പ്രദർശന വിപണനമേള, സംരംഭക പരിശീലന സെഷനുകൾ, കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കും.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ യുവതിയുടെ വയറ്റിൽനിന്ന് 23 കിലോ ഭാരം വരുന്ന മുഴ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തു. രണ്ടു മണിക്കൂർ നീണ്ട സങ്കീർണ ശസ്ത്രക്രിയയിലൂടെയാണ് 25കാരിയുടെ വയറ്റിലെ മുഴ നീക്കിയത്.

ശസ്ത്രക്രിയ നടത്തിയ മെഡിക്കൽ കോളേജ് ടീമിനെ മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

✪✪✪

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സാനിറ്ററി മാലിന്യ സംസ്കരണത്തിന് ഇൻസിനറേറ്റർ സ്ഥാപിക്കൽ, മെൻസ്ട്രൽ കപ്പ് വിതരണം എന്നീ പ്രത്യേക ബജറ്റ് പദ്ധതികൾക്ക് കോഴിക്കോട് ജില്ലയിൽ തുടക്കമായി. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് മാലിന്യസംസ്കരണ സംവിധാനങ്ങൾ ലഭ്യമാക്കുന്നത്. നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിക്കാൻ ജില്ലയിൽനിന്ന് 26 വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തത്.

മെൻസ്ട്രൽ കപ്പ് വിതരണത്തിന് 10 ഹയർ സെക്കൻഡറി സ്കൂളുകളെയും 17 കോളേജുകളെയും 14 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

✪✪✪

ലോക രാജ്യങ്ങളിലെ നൂതന സ്റ്റാർട്ടപ്പ് ആശയങ്ങൾക്ക് UK നൽകുന്ന ഇന്നൊവേറ്റർ ഓഫ് ദി ഇയർ ബഹുമതിക്ക് മലയാളി സംരംഭകർ അർഹരായി. തൃശൂർ ഇരിങ്ങാലക്കുട സ്വദേശി ഹെർമർച്ചീസ് ബാലനും കോട്ടയം കൈപ്പുഴ സ്വദേശി സിറിൾ റോയിയുമാണ് പുരസ്കാരത്തിന് അർഹരായത്.

യുകെയിലെ ആരോഗ്യ സംരക്ഷണ മേഖലയ്ക്ക് കരുത്തേകുന്ന സംരംഭം വികസിപ്പിച്ചതിനാണ് അംഗീകാരം.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം അസമിനെ നേരിടും. ഉച്ചയ്ക്ക് രണ്ടിന് അസമിലെ സിലാപത്തർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

ഗ്രൂപ്പ് B യിലെ അഞ്ച് മത്സരങ്ങളിൽ മൂന്നും ജയിച്ച് 10 പോയിന്റുമായി ഒന്നാം സ്ഥാനക്കാരായാണ് കേരളം അവസാന എട്ടിൽ എത്തിയിരിക്കുന്നത്.

ഇന്ന് മറ്റ് ക്വാർട്ടർ ഫൈനലുകളിൽ റെയിൽവേ രാജസ്ഥാനെയും, തമിഴ്നാട് പഞ്ചാബിനെയും, പശ്ചിമബംഗാൾ സർവീസസിനെയും നേരിടും.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് എലിമിനേറ്ററിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് വഡോദരയിലാണ് മത്സരം. ഇന്ന് ജയിക്കുന്ന ടീം വ്യാഴാഴ്ച അവസാന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

✪✪✪

അടുത്തമാസം 4-ന് ആരംഭിക്കുന്ന ഏഷ്യൻ കപ്പ് ഫുട്ബോളിന് മുന്നോടിയായി തുർക്കിയേയിൽ നടത്തിയ സൗഹൃദ മത്സരത്തിൽ ഇന്ത്യൻ വനിതാ ടീം ജർമ്മനിയെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു. ഇന്ത്യ രണ്ട് സൗഹൃദ മത്സരങ്ങൾ കൂടി കളിക്കും - നാളെ റഷ്യയെയും ശനിയാഴ്ച റൊമാനിയയെയുമാണ് ഇന്ത്യ നേരിടുക.

പെർത്ത്റെക്ടാങ്കുലാർ സ്റ്റേഡിയത്തിൽ വിയറ്റ്നാമിനെതിരെയാണ് ഇന്ത്യയുടെ ആദ്യമത്സരം.

✪✪✪

സംസ്ഥാനത്ത് ഡിജിറ്റൽ റീസർവേയിലൂടെ 10 ലക്ഷം ഹെക്ടർ ഭൂമി അളന്ന് തിട്ടപ്പെടുത്തിയെന്ന് മന്ത്രി കെ. രാജൻ അറിയിച്ചു. കൊല്ലം ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷനിൽ റവന്യൂ ഇ-സാക്ഷരത പദ്ധതി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രാജ്യത്ത് ആദ്യമായി റവന്യൂ രജിസ്ട്രേഷൻ-സർവേ വകുപ്പുകളെ സംയോജിപ്പിച്ച് 'എന്റെ ഭൂമി' പോർട്ടൽ വികസിപ്പിച്ചെന്നും മന്ത്രി പറഞ്ഞു.

✪✪✪

പാൻട്രിയും ടോയ്ലെറ്റും അടക്കം ആധുനിക സൗകര്യത്തോടെ വോൾവോ ലക്ഷ്വറി ബസുകൾ ഉടൻ നിരത്തിലിറക്കുമെന്ന് മന്ത്രി KB ഗണേഷ് കുമാർ അറിയിച്ചു. ബസിൽ കണ്ടക്ടർക്ക് പകരം പരിശീലനം സിദ്ധിച്ച ബസ് ഹോസ്റ്റസുമാരായിരിക്കും. രാജ്യത്ത് ഇറങ്ങുന്നതിൽ വച്ച് ഏറ്റവും സൗകര്യം കൂടിയ വോൾവോ ബസുകളായിരിക്കും ഇതിനായി ഉപയോഗിക്കുകയെന്നും മന്ത്രി പറഞ്ഞു

KSRTC നെടുമങ്ങാട് യൂണിറ്റിലെ ഡ്രൈവിംഗ് സ്കൂൾ, നവീകരിച്ച ഡിപ്പോ യാർഡ്, പ്രവേശന കവാടത്തിന്റെയും, നെടുമങ്ങാട് - പറശ്ശിനിക്കടവ്, നെടുമങ്ങാട് - മാനന്തവാടി എന്നീ ബസ് സർവീസുകളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിലവിൽ താൽക്കാലിക തസ്തികകളിൽ തുടരുന്ന അധ്യാപകരെ സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് സുപ്രീം കോടതിയിൽ സമർപ്പിച്ച അപേക്ഷ അധ്യാപക പ്രതിനിധികളുടെ എതിർപ്പുമൂലം കോടതി പരിഗണിച്ചില്ലെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. NSS മാനേജ്മെന്റിന് ലഭിച്ച വിധി, മറ്റ് മാനേജ്മെന്റുകൾക്കും സമാന രീതിയിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ബാധകമാക്കണമെന്ന ഗവൺമെന്റിന്റെ അപേക്ഷയാണ് അധ്യാപക പ്രതിനിധികളുടെ വിയോജിപ്പ് മൂലം മാറ്റിവെച്ചത്. അധ്യാപക ക്ഷേമത്തിന് ഗവൺമെന്റ് നടത്തുന്ന നീക്കങ്ങളോട് അധ്യാപക പ്രതിനിധികൾ സഹകരിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട് ബാലുശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളും ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ലയിപ്പിക്കണമെന്ന നാട്ടുകാരുടെ ആവശ്യം പരിഗണയിലെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. രണ്ട് സ്കൂളുകളും ചേർത്ത് മാതൃകാ സ്കൂളാക്കണമെന്ന KM സച്ചിൻദേവ് MLA യുടെ നിയമസഭയിലെ സബ്മിഷന് മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

---

*News Editor : ഹബീബ് റഹ്മാൻ*
*News Reader:നിമിഷ ജി*
*NRTs : മണികണ്ഠൻ*
*DEO: ഷീബ*